**കോഴിക്കോട്ടെ കോവിഡ് 19 കെയർ കേന്ദ്രങ്ങളിൽ ഭക്ഷണമെത്തിച്ച് കുടുംബശ്രീ**

കോവിഡ് 19 രോഗവ്യാപനം തടയുക ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നിരീക്ഷണ കേന്ദ്രങ്ങളായ കോവിഡ്19 കെയർ കേന്ദ്രങ്ങളിൽ ഭക്ഷണം എത്തിച്ച് നൽകുന്നതിൽ വ്യാപൃതമാണ് കോഴിക്കോട് ജില്ലാമിഷന് കീഴിലുള്ള രുചിക്കൂട്ട് കാറ്ററിംഗ് യൂണിറ്റ്. ഐ.എം.ജി പരിശീലന കേന്ദ്രത്തിലും ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിലുമുള്ള കോവിഡ് കെയർ കേന്ദ്രങ്ങളിലേക്കാണ് ജില്ലാ കളക്ടറുടെ നിർദേശപ്രകാരം എല്ലാദിവസവും മൂന്ന് നേരം വീതം ഭക്ഷണം തയ്യാറാക്കി എത്തിച്ച് നൽകുന്നത്.

കോഴിക്കോട് കോർപ്പറേഷൻ സൻട്രൽ സി.ഡി.എസിന് കീഴിൽ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി 2018 നവംബറിൽ ആരംഭിച്ച സംരംഭമാണ് രുചിക്കൂട്ട് വനിതാ ക്യാന്റീൻ യൂണിറ്റ്. ശ്യാമള, സന്ധ്യ, സുനിത എന്നിവരാണ് യൂണിറ്റ് അംഗങ്ങൾ. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ യൂണിറ്റിൽ നിന്ന് ശ്യാമള ഒറ്റയ്ക്കാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഭക്ഷണം തയ്യാറാക്കുന്നതിനും എത്തിച്ച് നൽകുന്നതിനും കുടുംബത്തിലെ അംഗങ്ങൾ സഹായിക്കുന്നു. കേന്ദ്രങ്ങളിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം അനുസരിച്ച് പ്രഭാതഭക്ഷണം എത്ര വേണമെന്ന കാര്യം കേന്ദ്രങ്ങളുടെ ചുമതലയുള്ള വില്ലേജ് ഓഫീസർ പുലർച്ചെ അറിയിക്കും. അതനുസരിച്ച് ഭക്ഷണം തയ്യാറാക്കി എത്തിച്ച് നൽകുമ്പോൾ ഉച്ചഭക്ഷണത്തിന്റെയും ഉച്ചഭക്ഷണം തയ്യാറാക്കി എത്തിക്കുമ്പോൾ അത്താഴത്തിന് വേണ്ട ഭക്ഷണത്തിന്റെയും ഓർഡറുകൾ നൽകുകയാണ് ചെയ്യുന്നത്. ഇലയിലും മറ്റും പൊതിഞ്ഞ് പാഴ്സലാക്കിയാണ് ഭക്ഷണം എത്തിച്ച് നൽകുന്നത്. ഇത് കൂടാതെ ഉടൻ ഭക്ഷണ ആവശ്യം വരുമ്പോൾ അതും നിറവേറ്റി നൽകുന്നു.

ഭക്ഷണം തയ്യാറാക്കിയതിന്റെ രജിസ്റ്റർ ക്യാന്റീനും എത്തിച്ചതിന്റെ രജിസ്റ്റർ കേന്ദ്രങ്ങളിലും സൂക്ഷിച്ചിരിക്കുന്നു. ഭക്ഷണം നൽകിയതിന്റെ ബില്ല് ക്യാന്റീൻ യൂണിറ്റ് തയ്യാറാക്കി നൽകുകയും രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം ബിൽ തുക അനുവദിക്കുകയും ചെയ്യുന്നു. ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണം ആവശ്യാനുസരണം എത്തിച്ച് നൽകി ജില്ലാ ഭരണകൂടത്തിന് തുണയേകാൻ കഴിയുന്നതിന്റെ സംതൃപ്തിയിലാണ് കോഴിക്കോട്ടെ ഈ സംരംഭക യൂണിറ്റ്.